സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. പാലാ സൂപ്രണ്ട് ഓഫീസിൽ നിന്നും 7 സർവ്വേയർമാരെയും ചങ്ങനാശ്ശേരി റീ-സർവ്വേ സൂപ്രണ്ട് ഓഫീസിൽനിന്നും 5 സർവ്വേയർമാരെയും വൈക്കം റീ-സർവ്വേ സൂപ്രണ്ട് ഓഫീസിൽനിന്നും 8 സർവ്വേയർമാരെയും റീ-സർവ്വേ ജോലികളുടെ പ്രാരംഭ നടപടികൾക്കായുള്ള റിക്കാർഡ് കളക്ഷൻസ് ജോലികൾക്ക് നിയോഗിച്ചിട്ടുണ്ട്.

(സി) വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ റീ-സർവ്വേ ജോലികൾ പൂർണ്ണമായും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല.

സർവ്വേ വകുപ്പിന്റെ ആധുനികവൽക്കരണം

162 (5247) ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം സർവ്വേ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി റീ-സർവ്വേ റിക്കാർഡുകളുടെ സംരക്ഷണത്തിനും ഡിജിറ്റൈസേഷനുമായി സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ എന്ന ജി.ഐ.എസ്. അധിഷ്ഠിതമായ ഒരു മോഡേൺ ലബോറട്ടറി തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആയതിന്റെ സബ് സെന്ററുകളായി 12 ജില്ലകളിൽ മിഷന്റെ ജില്ലാതല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ജോലി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല ഭരണകൂടത്തിന്റെ ആവശ്യം പരിഗണിച്ചും ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകളുടെ ആവശ്യം പരിഗണിച്ചും കഡസ്ട്രൽ റെക്കോർഡുകൾ നഷ്ടമാകാതെ കൃത്യമായി

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷിക്കുവാനും ആവശ്യനേരത്ത് വേഗത്തിൽ എടുക്കുവാനും ഉതകുംവിധമുള്ള മോഡേൺ റിക്കാർഡ് റൂമുകൾ 12 എണ്ണം ജില്ലകളിൽ ഒന്നുവീതം പണി പുരോഗതിയിലുമാണ്. ടി സർവ്വേ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുവാനും വീണ്ടെടുക്കുവാനുമായി സ്റ്റോറേജ് സെർവ്വറും അതിലേയ്ക്കുള്ള സോഫ്റ്റ്വെയർ സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന ഒറിജിനൽ സർവ്വേ റിക്കാർഡുകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും ഓൺലൈനായി ജനത്തിന് ലഭ്യമാക്കലും ലക്ഷ്യം വച്ച് ഇ-രേഖ എന്ന പദ്ധതി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന നടപ്പാക്കിവരുന്നു.

(ബി) കേരള സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ കെൽട്രോൺ, സിഡ്കോ എന്നിവയുടെ സഹകരണത്തോടെ ടി പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) ഇ-രേഖ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടിരൂപ അനുവദിക്കുകയും ജില്ലകളിൽ ഒന്ന് വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ആയതിന് ഭരണാനുമതി നൽകുയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റിക്കാർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി ജി.ഐ.എസ്. അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റാ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവ്വർ സംവിധാനവും നൽകുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ സ്വകാര്യ റിസോർട്ടുകൾ

163 (5248) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര സ്വകാര്യ റിസോർട്ടുകളാണ് ഉള്ളതെന്ന് പറയാമോ ;

(ബി) ഈ റിസോർട്ടുകൾക്ക് ഓരോന്നിനും എത്ര ഭൂമിയാണ് കൈവശാധികാരത്തിലുള്ളതെന്ന് റിസോർട്ട് തിരിച്ച് വിശദമാക്കാമോ ;

(സി) ഇതിൽ ഏതെങ്കിലും റിസോർട്ടുകൾ സർക്കാർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് റിസോർട്ട് തിരിച്ച് നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly